## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം:5448** **28.07.2015- ൽ മറുപടി നൽകേണ്ടിയിരുന്നത്**

### കൃഷിഭവനുകളിൽ തയ്യാറാക്കി സൂക്ഷിക്കേണ്ട ഡാറ്റകൾ

**ചോദ്യം**

ശ്രീ.പി.തിലോത്തമൻ

**മറുപടി**

ശ്രീ.കെ.പി.മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

എ) ഓരോ കൃഷിഭവനുകളിലും തങ്ങളുടെ മേഖലയിലുള്ള കൃഷിയിടങ്ങളുടെ കണക്കും അവിടെ കൃഷിചെയ്യുന്നതും കൃഷി ചെയ്യാവുന്നതുമായ കാർഷിക ഇനങ്ങളുടെ വിവരങ്ങളും അപ്രകാരം കൃഷിചെയ്യുന്നതിനു വേണ്ട പ്രതീക്ഷിത ചെലവും കാലാകാലങ്ങൾ കൃഷിഭൂമിയായി നിലനിൽക്കുന്നതും നികത്തപ്പെടുന്നതുമായ ഭൂമിയുടെ വിവരങ്ങളും ഉൾപ്പെടെ കൃഷിയെ സഹായിക്കാവുന്ന എന്തെല്ലാം വിവരങ്ങളുടെ ശേഖരം സൂക്ഷിക്കുന്നുണ്ടെന്ന വ്യക്തമാക്കാമോ:

(എ) കൃഷിഭവനുകളിൽ വിവിധ വിളകളുടെ കൃഷി വിസ്തൃതി സംബന്ധിച്ച് അടിസ്ഥാന വിവരശേഖരം സൂക്ഷിച്ചുവരുന്നുണ്ട്. www.kisan.gov.in എന്ന കർഷക ഡേറ്റാ ബേസിൽ കർഷകരുടെ ഓൺലൈൻ ഡേറ്റാഎൻട്രി പൂർത്തിയായി വരുന്നു. കർഷകരുടെ കൃഷിഭൂമിയുടെയും കൃഷിയുടെയും വിവരങ്ങൾ, കർഷകന്റെ മേൽവിലാസം, ഫോൺ നമ്പർ എന്നിവ അടങ്ങിയ വിവരങ്ങളാണ് ഡാറ്റാബേസിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. കർഷകരുടെ ആധാർ നമ്പർ, ഫോട്ടോ എന്നിവ കൂടി കർഷക ഡേറ്റാബേസിൽ ചേർക്കുന്നതിനും നടപടി കൈക്കൊണ്ടിട്ടുണ്ട്. കൂടാതെ കൃഷി വകുപ്പിന്റെ വെബ്സൈറ്റായ www.keralaagriculture.gov.in-ലും www.karshikakeralam.gov.in എന്ന വെബ്സൈറ്റിലും വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളുടെയും പ്രവർത്തനങ്ങളുടെയും വിവരങ്ങൾ ലഭ്യമാണ്.

| | | | |
|---|---|---|---|
| ബി) | ഇപ്രകാരം ഒരോ കൃഷിഭവനുകളിലും തയ്യാറാക്കി സൂക്ഷിക്കേണ്ട ഡാറ്റകൾ സംബന്ധിച്ച് കൃഷി ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ; | (ബി) | ഉണ്ട്. |
| സി) | ഇപ്രകാരം തയ്യാറാക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഓരോ പ്രദേശ-ത്തുമുള്ള കർഷകരെ വിവരങ്ങൾ ധരിപ്പിക്കുന്നതിനും അവിടങ്ങളിലെ കൃഷിയുടെ പുരോഗതി വിലയിരുത്തു-ന്നതിനും സംവിധാനമുണ്ടോ എന്നു വ്യക്തമാക്കാമോ; | (സി) & (ഡി) | കർഷകർക്ക് വേണ്ട സമയത്ത് സാങ്കേതിക വിജ്ഞാനം പകരു-ന്നതിനും വിവരങ്ങൾ ധരിപ്പി-ക്കുന്നതിനും ആവശ്യമായ സഹായ-ങ്ങൾ നൽകുന്നതിനും കൃഷിഭവൻ ഉദ്യോഗസ്ഥർ പരിശ്രമിക്കുന്നുണ്ട്. |
| ഡി) | ഓരോ കൃഷിഭവനുകളിൽ നിന്നും കർഷകർ ആവശ്യപ്പെട്ടാൽ ഇപ്രകാരം കൃഷി ചെയ്യുന്നതിന് സഹായകരമായ വിവരങ്ങൾ മേൽപറഞ്ഞ ഡാറ്റാ ബാങ്കിൽ നിന്നും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ